# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 15, വൈകുന്നേരം 4.00 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് കണ്ണൂർ ജില്ലയിൽ നിന്നും ഒരാൾക്ക് മാത്രം ആണ് രോഗബാധ സ്ഥിരീകരിച്ചത് എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 7 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ നിന്ന് 4 പേരുടെയും, കോഴിക്കോട് ജില്ലയിൽ നിന്നും 2 പേരുടെയും, കൊല്ലം ജില്ലയിൽ നിന്നും ഒരാളുടെയും പരിശോധനാഫലമാണ് നെഗറ്റീവ് ആയത്. രോഗം സ്ഥിരീകരിച്ച 167 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാണ്. ഇന്ന് 213 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേരളത്തിലാകമാനം 97464 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 96942 പേർ വീടുകളിലും 522 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 16745 സാമ്പിളുകൾ പരിശോധിച്ചതിൽ 16002 സാമ്പിളുകൾ നെഗറ്റീവ് ആണ്. ആശ്വാസകിരണം, സമാശ്വാസം ഇതിന്റെ ഫണ്ട് ലഭ്യമായിട്ടുണ്ട്. സിക്കിൾസെൽ അനീമിയ, ഹീമോഫീലിയ തുടങ്ങിയിട്ടുള്ളവയുടെ ഫണ്ടും ലഭ്യമായിട്ടുണ്ട്. ഇതിന്റെ വിതരണവും ആരംഭിച്ചിട്ടുണ്ട്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 18,48,439 കേസുകളും 1,17,217 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 11,438 കേസുകളും 337 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 1,075 പുതിയ കേസുകളും 39 മരണവുമാണ് ഇന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിങ്ങ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും ലാബുകളിൽ നിലവിലെ സംവിധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. കാസർഗോഡ് ജില്ലയിൽ രോഗബാധിതരുടെ വയസ്സ് തിരിച്ച് പോസിറ്റീവ് ആകുന്നതിനുള്ള കാലദൈർഘ്യത്തെക്കുറിച്ചും വിവരണം നടത്തി. കേരളത്തിലെ രോഗസ്ഥിതിയെ സിംഗപ്പൂർ, ഹോങ്കോങ്ങ് എന്നിവിടങ്ങളുമായുള്ള താരതമ്യം നടത്തി. ഇപ്പോൾ ചികിത്സയിലുള്ള രോഗികളുടെ ആരോഗ്യനിലയെക്കുറിച്ചുള്ള വിശകലനവും നടത്തി. പുതുതായി ഐ സി എം ആറിന്റെ അംഗീകാരം ലഭിച്ച നിലവിലെ മാനവവിഭവശേഷിയെക്കുറിച്ചും നിലവിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ എണ്ണത്തെക്കുറിച്ചും

വിവരണം നടത്തി. നിലവിൽ 14,508 ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകൾ സ്റ്റോക്ക് ഉണ്ട്. കൂടാതെ ഏപ്രിൽ 18 -ാം തീയതിയോടെ 2,250 കിറ്റുകൾ കൂടി ലഭ്യമാകും. ഇപ്പോഴത്തെ അവസ്ഥയിൽ ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകളുടെ കാര്യത്തിൽ ആശങ്കപ്പെടേണ്ടതില്ല. 40,232 പി സി ആർ കിറ്റുകളും സ്റ്റോക്കിൽ ഉണ്ട്. 3,420 കിറ്റുകൾ വരും ദിവസങ്ങളിൽ ലഭ്യമാകുകയും ചെയ്യും. 2.75 ലക്ഷം ആർ എൻ എ എക്സ്ട്രാക്ഷൻ കിറ്റുകൾക്ക് ഓർഡർ നൽകിയിട്ടുണ്ട് 3.04 ലക്ഷം  പി സി ആർ റീ ഏജന്റ് കിറ്റുകളും ഓർഡർ നൽകിയിട്ടുണ്ട്. 1.20 ലക്ഷം ഡാക്രോൺ സ്വാബുകൾക്കും ഓർഡർ നൽകിയിട്ടുണ്ട്. ഐ സി എം ആറിന്റെ അംഗീകാരം ലഭിച്ച ഗവൺമെന്റ് മെഡിക്കൽ കോളേജ് കോട്ടയം, ഗവൺമെന്റ് മെഡിക്കൽ കോളേജ് എറണാകുളം, ഗവൺമെന്റ് മെഡിക്കൽ കോളേജ് മഞ്ചേരി, ഗവൺമെന്റ് മെഡിക്കൽ കോളേജ് കണ്ണൂർ എന്നിവിടങ്ങളിൽ ടെസ്റ്റിങ്ങിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. കണ്ണൂർ ജില്ലയിൽ സമൂഹ വ്യാപനം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി 50 സാമ്പിളുകൾ പരിശോധിച്ചതിൽ എല്ലാം തന്നെ നെഗറ്റീവ് ആയി. കാസർഗോഡ് ജില്ലയിൽ 136 സാമ്പിളുകൾ പരിശോധിച്ചതിൽ 63 സാമ്പിളുകൾ നെഗറ്റീവ് ആയി. 67 സാമ്പിളുകളുടെ പരിശോധനാഫലം ലഭിക്കാനുണ്ട്.

## ചീഫ് സെക്രട്ടറി

മരുന്നുകളുടെയും, ഭക്ഷ്യസാധനങ്ങളുടേയും സ്റ്റോക്ക് നിരീക്ഷിക്കുന്നുണ്ട്. മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്കുകൾ തൃപ്തികരമാണ്. ആന്റീബോഡി ടെസ്റ്റ് കിറ്റുകളുടെ കാര്യത്തിൽ ഇതുവരെ തീരുമാനം ഒന്നും ആയിട്ടില്ല. ചൈനീസ് സർക്കാരിന്റെ അംഗീകാരമുള്ള കമ്പനികളിൽ നിന്നു മാത്രമേ ആന്റീ ബോഡി ടെസ്റ്റ് കിറ്റുകൾ ലഭ്യമാകു എന്നാണ് വിദേശകാര്യ സെക്രട്ടറിയുമായി സംസാരിച്ചപ്പോൾ മനസ്സിലായത്. ഇങ്ങനെയുള്ള കമ്പനികളുടെ പട്ടിക വിദേശകാര്യ സെക്രട്ടറി അയച്ചു തരാമെന്ന് അറിയിച്ചിട്ടുണ്ട്. ഓക്സിജൻ സിലിണ്ടറുകൾ ലഭ്യമാക്കുന്നതിന് ശ്രദ്ധ കൊടുക്കുന്നുണ്ട്. മെയ് 3 നു ശേഷം വിദേശത്തു നിന്നും ഇന്ത്യയിലേക്കുള്ള യാത്രകൾക്ക് ഇളവു നൽകും എന്ന് വിദേശകാര്യ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇങ്ങനെ വന്നാൽ കേരളത്തിലേയ്ക്ക് വളരെയധികം ആളുകൾ വരാനുള്ള സാഹചര്യം ഉണ്ടാകും. ആയതിനാൽ ഇതിനായി ഒരു മാർഗ്ഗരേഖ തയ്യാറാക്കുന്നതിനായി ഗതാഗതവകുപ്പ് സെക്രട്ടറിയെയും, ആരോഗ്യ വകുപ്പ് സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി തദ്ദേശസ്വയംഭരണ വകുപ്പിനെയും, ആദായ നികുതി വകുപ്പിനെയും ചുമതലപ്പെടുത്തണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

അതിഥി തൊഴിലാളികൾക്ക് ലോക്ക് ഡൗൺ സാഹചര്യത്തിൽ ജോലി നൽകുന്നതിനായി ഒരു മാർഗ്ഗ രേഖ തയ്യാറാക്കണമെന്ന് ഇന്ന് നടന്ന വീഡിയോ കോൺഫറൻസിൽ അറിയിച്ചിരുന്നു. തൊഴിൽ വകുപ്പ് കമ്മീഷണറോട് ഇതിനായി ഒരു മാർഗ്ഗരേഖ തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ചരക്ക് ലോറികളുടെ വരവിൽ ഇന്നത്തെ കണക്കനുസരിച്ച് 1723 ലോറികൾ ആണ് എത്തിയിട്ടുള്ളത്. ഇന്നലത്തെ കണക്ക് വച്ച് നോക്കുമ്പോൾ 400-ഓളം വാഹനങ്ങളുടെ കുറവ് വന്നിട്ടുണ്ട്. പോഷകാഹാര കുറവുള്ള കുട്ടികൾക്കായി 6000 ലിറ്റർ പാൽ മിൽമ നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് 2,10,304 ലക്ഷം മുറികൾ

കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 1,26,233 മുറികൾ ഉടനെ ഉപയോഗിക്കാവുന്നതാണ്. വിദേശ രാജ്യങ്ങളിലുള്ള കോവിഡ് ബാധ സ്ഥിരീകരിച്ച ഇന്ത്യക്കാരെ നിരീക്ഷണത്തിൽ പാർപ്പിക്കുന്നതിനായി പ്രത്യേക കേന്ദ്രങ്ങൾ തുറക്കുന്നുണ്ടെന്ന് വിദേശകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

വിദേശത്തു നിന്നും വന്ന 23 ദിവസം കഴിഞ്ഞതിനുശേഷം ഒരാൾക്ക് രോഗബാധ സ്ഥിരീകരിച്ചത് മാധ്യമങ്ങളിൽ വളരെയധികം ചർച്ച ആയിട്ടുണ്ട്. കേരളത്തിലെ കോവിഡ് രോഗം മൃദുസ്വഭാവം ഉള്ളതാണ്. അതിനാൽ തീവ്രത കുറവാണ്. രോഗ ലക്ഷണം പ്രകടിപ്പിച്ച് എട്ടു ദിവസത്തേക്കു മാത്രമേ രോഗസംക്രമണ ശേഷി ഉള്ളു എന്നാണ് നിലവിലെ സൂചനകൾ. എന്നാൽ ഇതിനു ശേഷവും പി സി ആർ ടെസ്റ്റ് പോസിറ്റീവ് ആകാം. രോഗികളിൽ പ്രധാനമായും ആന്റിബോഡി എം, ജി എന്നിവയാണ് കാണപ്പെടുന്നത്. ഇതിൽ ആന്റീബോഡി എം രോഗി ആയി ഇരിക്കുന്നവരിലും ആന്റിബോഡി ജി രോഗം ഭേദമായവരിലുമാണ് കാണപ്പെടുന്നത്. അതിനാൽ പി സി ആർ ടെസ്റ്റിൽ ആന്റിബോഡി ജി ഉണ്ടെങ്കിൽ രോഗം മാറി എന്നു ഉറപ്പിക്കാം. അങ്ങനെ ആയാൽ പരിഭ്രമിക്കേണ്ട ആവശ്യമില്ല എന്നാണ് സൂചിപ്പിക്കുന്നത്. എന്നാലും ഇങ്ങനെയുള്ളവർ വീടുകളിൽ കർശന നിരീക്ഷണത്തിൽ ഇരിക്കുകയും മാസ്കുകളും, ഹാൻഡ് സാനിറ്റൈസറുകളും നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്. നിലവിലെ സാഹചര്യത്തിൽ പനിക്കുള്ള മാർഗ്ഗനിർദ്ദേശം പുതുക്കേണ്ടതാണ്. പനി ബാധിച്ച് ആശുപത്രിയിൽ വരുന്നവർക്ക് നിർബന്ധമായും മാസ്ക്കുകൾ ഉപയോഗിക്കുകയും സമൂഹ അകലം പാലിക്കുന്നു എന്ന് ഉറപ്പു വരുത്തുകയും വേണം. ദന്തൽ ഡോക്ടർമാർക്ക് രോഗം പകരാൻ സാധ്യത കൂടുതൽ ആയതിനാൽ ദന്തൽ ക്ലീനിക്കുകൾക്ക് ഇളവുകൾ ഉടനെ നൽകേണ്ടതില്ല എന്ന അഭിപ്രായമാണ് വിദഗ്ദ്ധരുമായി ചർച്ച ചെയ്തപ്പോൾ മനസ്സിലായത്. ലോക്ക് ഡൗൺ നിരോധനങ്ങൾക്ക് ഇളവുകൾ നൽകുമ്പോൾ അടഞ്ഞ ശീതീകരിച്ച മുറികൾ ഉള്ള കടകൾ തുറക്കുന്നത് അനുവദിക്കാൻ പാടുള്ളതല്ല. കൂടാതെ കാറുകളിലും, മറ്റു വാഹനങ്ങളിലും എ സി ഉപയോഗിക്കുകയും, വാതായനങ്ങൾ അടച്ചുപൂട്ടിയ നിലയിൽ യാത്രചെയ്യുന്നതും അനുവദിക്കാൻ പാടുള്ളതല്ല.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

1. പരിശോധനകളെക്കുറിച്ചും, കിറ്റുകളെക്കുറിച്ചും ധാരാളം ചോദ്യങ്ങൾ സമൂഹത്തിൽ വരുന്നുണ്ട്. കൂടുതൽ ആർ എൻ എ കിറ്റുകൾ വന്ന സ്ഥിതിയ്ക്ക് നാം ടെസ്റ്റുകളുടെ നിരക്ക് പ്രായോഗികമായി വർദ്ധിപ്പിക്കണം **(ചുമതല - ആരോഗ്യ വകുപ്പ്)**
2. ഇപ്പോൾ ദിവസവുമുള്ള അവലോകന യോഗം ഇനി അങ്ങനെ വേണമോ എന്നത് പരിശോധിച്ച് യോഗത്തെ അറിയിക്കണം **(ചുമതല - പൊതുഭരണ വകുപ്പ്)**
3. നിയന്ത്രണങ്ങൾക്ക് ഇളവ് നൽകുമ്പോൾ ആളുകൾ കൂടുതൽ തിരിച്ചുവരുമെങ്കിൽ അതിന് നാം തയ്യാറെടുക്കണം. ആ രാജ്യങ്ങളിലെ രോഗാവസ്ഥകൂടി അടിസ്ഥാനമാക്കിയാണ് ആളുകൾ ഇങ്ങോട്ടേയ്ക്കെത്തുക. നമുക്ക് അവർക്ക് വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കേണ്ടിവരും. വിമാനങ്ങളിലോ, കപ്പലിലോ എത്തുന്ന